03C:169
12

JOSTIKA MERJARAYUDHAMJM

KUCHELAVRITAM.

MURUGAN BINDING WORKS,
NO. 3, BOMMULIER STREET,
ELEPHANT GATE, MADRAS-1.

MUL
044544

# കുചേലവൃത്തവും

## മൂഷികമാർജ്ജാരയുദ്ധവും

കൂടിയതു്.

UNIVERSITY LIBRARY
28 MAR. 19
MADRAS

ഇതു് [illegible]

മംഗളോദയം [illegible]

ചിലവിന്മേൽ

ടി. കമ്പനി വക

കേരളകല്പദ്രുമം അച്ചുകൂടത്തിൽ

അച്ചടിപ്പിച്ചതു്

1087

Kachela vrittamum
Mushika marjara yuddhamum

465 44
032:169

# കുചേലവൃത്തം

പാട്ട്

LIBRARY
28 MAR 1929
MADRAS

ഹരിഃ ശ്രീ ഗണപതയേ നമഃ

അവിഘ്നമസ്തു

---

ശാരികപ്പൈതലേ ചാരുശീലേ മമ ചാരേ വരിക നീ വൈകിടാതെ * പാലും മധുവും ഭുജിച്ചു വിരവോടേ ആലസ്യം തീർത്തുടൻ ചൊല്ലെന്നോടേ * ഉത്തമനായ കുചേലന്റെ വൃത്താന്തം സാദരം കേൾപ്പതിന്നാശ പാരം * എന്നതു കേട്ടു കിളിമകൾ ചൊല്ലിനാളിന്നതു ചൊൽവാൻ പണിയുണ്ടേറ്റം * എങ്കിലുമൊട്ടു ചുരുക്കി ഞാൻ ചൊല്ലുവൻ പങ്കമകലുന്ന വാർത്തയെല്ലാം * ഭൂമീസുരോത്തമനായ കുചേലൻ താൻ ഭാമിനിയോടും തൻ പുത്രരോടും * ഒന്നിച്ചു വാണീടും കാലമൊരു ദിനം മന്ദം പറഞ്ഞു തുടങ്ങി ഭാര്യാ * ഭർത്താവേ! നമ്മുടെ ദാരിദ്ര്യസങ്കടം ഓർത്താലിതെത്രയും കഷ്ടം കഷ്ടം * കുട്ടികളെല്ലാരും പട്ടിണിയിട്ടിട്ടു ദൃഷ്ടി മിഴിപ്പാൻ വശമില്ലിപ്പോൾ * എത്രയും പാരം വിശന്നു കരയുന്ന പുത്രന്മാരെക്കണ്ടാലുണ്ടോ സൌഖ്യം * കാലത്തൊരു പിടിച്ചോറു കൊടുത്തിട്ടു നാലഞ്ചുമാസങ്ങളായിതല്ലോ * ഉച്ചയ്ക്കൊരു പിടിച്ചോറു കൊടുപ്പാനും മിച്ചമില്ലിലേതുമുപായമില്ലാ * ദാ

ത്രിയിലത്താഴമെന്നുള്ളതും പിന്നെ എത്രനാളായികഴി
ഞ്ഞിട്ടിപ്പോൾ * മററുള്ളയില്ലത്തെ ഉണ്ണികളെല്ലാരു മേ
ററം പുലരുമ്പോൾ ഭക്ഷിച്ചിട്ടു * കാണപ്പെടുകളുമോണവി
ല്ലമായി കാണപ്പെടുന്നല്ലീ ചിലയോടേ * നാരായണ
ന്റെ കളികളിതൊക്കയു മാരോടു മററു ഞാൻ ചൊല്ലീ
ടേണ്ടു * കീറിമുഷിഞ്ഞതുണിയേ നമുക്കുള്ളൂ മാറിയുടു
പ്പാനുമില്ലയല്ലോ * മുന്നിടം മാത്രം മറച്ചു നടന്നാകി
ലന്നം തൊടാൻ മാത്രം കിട്ടുമ്മൂന്നേ * ഇപ്പോളൊരു പിടി
നെല്ലെങ്കിലും പിന്നെ ഉപ്പും പാല്യം കൂടി കിട്ടുന്നില *
നാളെപ്പൊറുതിയ്ക്കു കണ്ടേ ഭുജിയ്ക്കാവു നീളെ പ്രസിദ്ധ
മിതെന്തു ചെയ്വൂ * നിത്യം ബലികരിയില്ലാത്തവ
രുണ്ടോ നിത്യമായ്പ്പാത്തമങ്ങിട്ടിടുന്നു * നാഴിയരിപോ
ലും വെപ്പാൻ പിറകില്ല പാഴായി നമ്മുടെയില്ലമിപ്പോ
ൾ * മാരി ചൊരിയുമ്പോൾ ചോരുന്നു നീളവേ ചോ
ർച്ചയില്ലാത്തതു സങ്കടം താൻ * മച്ചിന്റെ തട്ടും തുലാങ്ങ
ളും പാതിലു മച്യുതനാണമറിഞ്ഞു വീണു * ശപാക്കളും
ക്രോഷ്ടാവും മററു ജന്തുക്കളു മൊക്കെയകത്തു കടന്നീടു
ന്നു * പാനീയമുള്ള കലങ്ങളുമെന്നിവ പാനീയ കുംഭവും
നഷ്ടമാക്കി * സ്ഥാനത്തൊരേടത്തു വെപ്പതിനില്ലാ
ഞ്ഞാൽ ഞാനെന്തു ചെയ്യുന്നു ജീവനാഥ! * പാത്രങ്ങളി
ല്ലാ നമുക്കതു കൊണ്ടു പാത്രങ്ങൾ മാത്രം തകരുന്നില്ല
എല്ലാമതിൻ വണ്ണമായതെന്നാകിലോ ഇതെല്ലാമുപസ്ത
വും ഭക്ഷിപ്പാനും * താളും തകരയും ചീരയും തിന്നിട്ടു കേമ
ളില്ലയാതെ ചമഞ്ഞു നാഥ! * ഞങ്ങളില്ലനമ്മെപ്പലതുവാ
ന്നെന്നാകിൽ വേളികഴിച്ചതും കർമ്മദോഷം * ദാരിദ്ര്യ

സങ്കടംപാരംമുഴക്കയാൽ നേരിട്ടുനിന്നുകൃശാംഗിയ
പ്പോൾ * ധൎമ്മജ്ഞനാകിയഭൎത്താവുതന്നോട ധൎമ്മം
വെടിഞ്ഞുപറഞ്ഞുഭാൎയ്യാ * ഭൎത്താവേ!നമ്മുടെദാരിദ്ര്യ
സങ്കടം തീൎത്തീടുമല്ലോമുകിൽവൎണ്ണൻതാൻ * പണ്ടു
ഭഗവാനുമായൊന്നിച്ചിട്ടല്ലയോ വേണ്ടുന്നവിദ്യകൾപാ
ഠംചെയ്തു * എന്നതുകൊണ്ടിട്ടകാരുണ്യമുണ്ടല്ലോ ന
ന്നുഭഗവാൻചെന്നുകണ്ടതാകിൽ * പീതാംബരൻതന്നെ
കണ്ടുവെന്നാകിലോ ഏതാനുമൊന്നുലഭിക്കുമല്ലോ * ആ
ൎയ്യയായുള്ളൊരുഭാൎയ്യതാൻചൊന്നതു കാൎയ്യമെന്നോൎത്തു
കുചേലൻചൊന്നാൻ * ആൎയ്യേ!ശുഭേ!മമഭാൎയ്യേ!മനോ
ഹരേ! കാൎയ്യംനീയെന്നോടുചൊന്നതെല്ലാം * എന്നാ
ലിന്നൊരുവൈഷമ്യമുണ്ടല്ലോ ഇന്നുഞാനായതും
ചൊല്ലാമിപ്പോൾ * പ്രാഭവമുള്ളോരുപ്രാകൃതർകാണു
മ്പോൾ പ്രാഭൃതംവേണമെന്നുണ്ടുന്യായം * എന്നതി
നിന്നൊന്നുംകൊണ്ടുപോവാനില്ല നന്ദതനൂജനുകാഴ്ച
വെപ്പാൻ * എന്നതുകേട്ടൊരുഭാൎയ്യയുമന്നേരം മന്ദംന
ടന്നങ്ങുചെന്നുപിന്നെ * ഇല്ലങ്ങളിൽചെന്നിരന്നിട്ടവ
ൾക്കങ്ങു നെല്ലൊരുമുഴക്കകിട്ടിയല്ലോ * മെല്ലവേ
പോന്നിങ്ങുവന്നുനോക്കീടുമ്പോൾ നെല്ലതന്നെയല്ല
കല്ലുമുണ്ടു * മുഴക്കനെല്ലതിലാഴക്കവന്നില്ല ആഴക്കമെ
ല്ലോനെല്ലുപോരും * ചെററിത്തെരിഞ്ഞുവറുത്തങ്ങിടി
ച്ചീടി ലേറ്റംകുറയുമവിലെന്നോൎത്തു * മെല്ലേവറുത്ത
ങ്ങിടിച്ചവിലാക്കിനാൾ ഉല്ലാരിക്കിഷ്ടത്തിൽകാഴ്ചവെ
പ്പാൻ * കീറിമുഷിഞ്ഞൊരുമുണ്ടിൻെറകണ്ടത്തിൽ കു
റോടെ നന്നായ്പൊതിഞ്ഞുകെട്ടി * ചെമ്മേകുചേലൻെറ

കയ്യിൽക്കൊടുത്തിതു നമ്മവരുന്നാളിലെന്നുന്തായം *
യഷ്ടിയുമൂന്നിയെഴുനേററുവൈകാതെ ഇഷ്ടത്തിൽത
ൻെറകുടയെയെടുത്തു * കാലുമലക്കുമെയുള്ളകുടസ്ഥിപ്പോ
ളൊലവിശേഷിച്ചതില്ലയല്ലോ * അന്തൎജ്ജനത്തോ
ടുയാത്രയുംചൊല്ലീട്ടു അന്തൎമ്മോദേനകുചേലനപ്പോ
ൾ* ദ്വാരകാനോക്കിനടന്നവനന്വോടു നാരായണ
സ്വാമിതന്നെക്കാണ്മാൻ * ഒട്ടുനടന്നുമിരുന്നുംനടന്നി
ട്ടു മുട്ടുകടന്നതുടിരിസ്സുംപിന്നെ * മെല്ലെയെഴുനേററും
മെല്ലെനടന്നിട്ടും മല്ലാരിയെക്കാണ്മാൻമോഹിച്ചിട്ടും *
നാലഞ്ചുവാസരംകൊണ്ടുമഹീസുരൻ പാലാഴിമാതുത
ൻകാന്തൻതൻെറ* ദ്വാരകാതന്നിലകംപുക്കനേരത്തു
ദ്വാരപാലന്മാരുംകണ്ടുചൊന്നാർ * കാലരണ്ടിങ്ങൊ
ട്ടുപോന്നുവന്നിട്ടിപ്പോൾ കാലവിശേഷമോമറെറാന്ന
ല്ലാ * അന്തികെവന്നവർനോക്കുന്നനേരത്തു അന്തക
നല്ലിവനന്തണനന്താൻ * ഏററംകറുത്തുമെലിഞ്ഞൊരാശരീ
രവും മുററുമിതൊന്നേയങ്ങൊത്തുകണ്ടാൽ* എല്ലുകൊ
ണ്ടിങ്ങിനെനിൎമ്മിച്ചുകൊള്ളുവാൻ വല്ലഭമുള്ളവൻക
ണ്ടൊനല്ലൊ * നേത്രങ്ങൾരണ്ടിതുനിൎമ്മിച്ചതെങ്ങിനെ
കൃത്രിമവൻകുഴിയെന്നപോലെ * അംഭോജസംഭവൻ
നിൎമ്മിച്ചബാഹുക്കൾ ഉംഭോജവല്ലിമേൽപുഷ്പംപോലെ*
ഭൂമിസ്സുത്തുന്നായിനിൎമ്മിച്ചവണ്ടുതാൻ ഭൂമിസുരോത്തമ
ൻപാദംരണ്ടും * കണ്ടവരിങ്ങിനെചൊല്ലുന്നനേരത്തു
തണ്ടാരിൽമാതുതൻകാന്തന്തൻെറ* ചാരത്തുവന്നങ്ങു
നില്ലുംകുചേലനെ പൂരിച്ചമോദേനകണ്ടുകൃഷ്ണൻ* ചെ
ട്ടെന്നെഴുനേററുകയ്യുംപിടിച്ചിട്ടു യഷ്ടിയുംകൊല്ലുടവാ

ങ്ങിവെച്ചു * മര്യാദപൂജകൾചെയ്തുവിരവോടെ ആര്യ
നായുള്ളോരുഗോവിന്ദൻതാൻ* ശയ്യയില്കൊണ്ടങ്ങിരു
ത്തിവിരവോടെ മെയ്യോടുചേൎത്തുപിടിച്ചുകൊണ്ടു* കട്ടു
നാളായിഞാനാഗ്രഹിച്ചീടുന്നു ഇഷ്ടനായുള്ളഭവാനെ
കാണ്മാൻ* കേട്ടുവിശേഷങ്ങളെല്ലാം ഭവാനുനി ന്നൊട്ടു
സുതന്മാരുമുണ്ടായെന്നു കേട്ടന്നേകാണേണമെന്നുനി
നച്ചിട്ടു ദിഷ്ടവശാലിന്നുസാദ്ധ്യമായി * ഇന്നല്ലോ
സംഗതിവന്നതുകൊണ്ടിഹ നന്നായിവന്നീടുമിന്നിമേ
ലിൽ* ഒന്നുംമറന്നില്ലമുന്നംകഴിഞ്ഞവ ഇന്നെന്നതോ
ന്നുന്നുമാനസത്തിൽ * പണ്ടുനാമൊന്നിച്ചുദേശികമന്ദി
രേ വേണ്ടുംപ്രകാരമിരുന്നുകൊണ്ടു* വേദങ്ങൾവേദാന്ത
ശാസ്ത്രങ്ങളുംപിന്നെ ആദാനംചെയ്തുവസിച്ചുംകാലം*
ഇന്ധനംവേണമെന്നന്തൎജ്ജനംചൊല്ലീട്ടിന്ധനത്തിന്നു
നാംപോയിതല്ലോ നല്ലവിറകുമൊടിച്ചുനടന്നുനാം വ
ല്ലാതെയുള്ളൊരുകാട്ടിലന്നു* ഊററത്തിൽവന്നൊരുകാ
റവുമിടികളും മൂററംമഴയുംചൊരിഞ്ഞുതാനേ ദിക്കുമറി
യാതെദീനന്മാരായിനാമക്കാട്ടിൽനീളെനടക്കുന്നേരം*
മാൎത്താണ്ഡദേവനുമറഞ്ഞങ്ങുപോയപ്പോൾ ഉൾത്താരി
ൽവേദനചൊല്ലിക്കൂടാ* കയ്യോടുകയ്യുംപിടിച്ചുപതുക്ക
വേ മെയ്യോടുമെയ്യുമണച്ചുകൊണ്ടു* വന്മരംതന്നുടെകീ
ഴങ്ങുനില്ക്കുമ്പോൾ വന്മഴപെയ്തതുചൊല്ലാമോതാൻ *
ഊററത്തിൽവൻനരിയേങ്ങുന്നതുകേട്ടിട്ടേററംകരഞ്ഞി
ങ്ങുനീതാനല്ലോ * കാട്ടാനതാനങ്ങലറുന്നതുകേട്ടു ഞെ
ട്ടിവീണല്ലോനാമപ്പൊഴുതേ * കാട്ടികൾകാട്ടുടെപായു
ന്നനേരത്തു ഗോഷ്ഠികളേററവുംകാട്ടിനീതാൻ * ഏറി

യോരുച്ചത്തിൽ വെട്ടുമിടികളാൽ വേറിട്ടുപോയല്ലൊ
തമ്മിലപ്പോൾ * അപ്പൊഴുണ്ടായദുഃഖങ്ങൾ ചൊ
ല്ലുവാൻ കെൽപ്പുള്ളോരാരുമില്ലിപ്പാരതിൽ * തങ്ങളി
ൽ കാണാഞ്ഞു കേണങ്ങുനില്ക്കുമ്പോൾ തങ്ങളിൽ കാ
ണായിമിന്നൽ കൊണ്ടു * പിന്നെയന്നെഞ്ഞു നാമൊന്നി
ച്ചുണ്മയോട്ടു മുന്നേതിലേററവും ചേർത്തുകൊണ്ടു * നി
ല്ക്കുന്നനേരത്തു കേൾക്കായിതെല്ലവെ കുക്കുടംകൂകുന്ന നാ
ദമപ്പോൾ * നേരംപുലർന്നു തുടങ്ങിയെന്നോർത്തിട്ടു നാ
രായണേതിജപിച്ചിതേററം * കാട്ടിലെക്കോഴിക്കുനേ
രില്ലയല്ലൊതാൻ വീട്ടിലെക്കോഴിക്കു സത്യമുള്ളു * വീ
ട്ടിലെക്കോഴികൾ കൂകിത്തുടങ്ങുമ്പോൾ പെട്ടന്നു സൂര്യനു
ദിച്ചുവന്നു * കെട്ടിവിറകുമെടുത്തു നടന്നു നാം മൊട്ടവഴി
ക്കലെ ചെല്ലുംനേരം * ദേശികൻ പോന്നിങ്ങുവന്നാന
ന്നു നേരം നാശം ഭവിച്ചില്ലിയെന്നു കൊണ്ടു * കണ്ടൊരു
നേരത്തു തന്നോരനുഗ്രഹമുണ്ടോ മററാക്കാനും സാധി
ക്കുന്നു * നമ്മെയും ദേശികൻ കൊണ്ടങ്ങു പോയിട്ടു ചെ
മ്മെതൻ മന്ദിരം തന്നിലാക്കി * അന്നു കഴിഞ്ഞതു മങ്ങി
നെയല്ലൊതാ നിന്നു ഭവാനു സുഖമല്ലല്ലി * കക്ഷത്തിലേ
താനുമിന്നു ഭവാനിങ്ങു കാഴ്ചയായ് നല്കുവാൻ കൊണ്ടു
പോന്നു * വ്രീനാതുകേട്ടു കുചേലനുമന്നേരം നന്നായ്സ്മ
ച്ചിതു ലജ്ജകൊണ്ടു * മല്ലാരിമെല്ലെപ്പിടിച്ചു തഴുകുമ്പോ
ളെല്ലു കൊണ്ടങ്ങു തിണർത്തു മേനി * മല്ലാരിമെല്ലെപ്പിടി
ച്ചു കരം കൊണ്ടിട്ടുല്ലാസത്തോടു കുചേലൻ തന്റെ * ക
ക്ഷത്തിൽ വെച്ചോരു കെട്ടങ്ങെടുത്തിട്ടു ശിക്ഷയിൽ കെട്ട
ഴിച്ചു വെച്ചു * കെട്ടുനാലായിഞ്ഞാനനുഗ്രഹിച്ചീടുന്നു ഇഷ്ട

ത്തിൽപൃത്തവിൽതിന്മതിന്നായ് * ഇത്തരംചൊല്ലി
മുകുന്ദൻതിരുവടി സത്വരംവാരിയങ്ങാഹരിച്ചു* രണ്ടാ
മതുംപിന്നെവാരിയനേരത്തു തണ്ടാരിൽമാതുതാൻ
കൈപിടിച്ചു* ആരണനാഥനുടെമുററമടിസ്സുവാ നാരാ
യണ!യെന്നെയാക്കിടൊല്ലാ* വാരിജലോചനനെന്ന
തുകേട്ടപ്പോൾ വാരിയവിലതുംവെച്ചുപിന്നെ * ഇഷ്ട
മായുള്ളകുചേലനുംകൃഷ്ണനു മഷ്ടികഴിച്ചുശയിച്ചുറങ്ങി *
ഒട്ടുപുലരുമ്പോൾപെട്ടെന്നെഴനേററു യഷ്ടിയുംതന്റെ
കുടയെടുത്തു * മല്ലാരിതന്നോടുയാത്രയുംചൊല്ലീട്ടുമെ
ല്ലെനടന്നുകുചേലനപ്പോൾ * മല്ലാരിനമ്മെവിളിസ്സു
മെന്നോർത്തിട്ടു മെല്ലെമടങ്ങീട്ടുനോക്കിനിന്നു * ഇല്ലയെ
ന്നുള്ളതുനിണ്ണയിച്ചപ്പൊഴേ മിണ്ടാതെനിന്നുനിരൂപി
ച്ചിട്ടു * ഉദ്ദേശിച്ചതൊന്നുമേയാചിച്ചീലല്ലോഞാൻ
കേശവനതന്നോടുപോരുന്നേരം * ഉല്പലലോചനൻ
തന്നോടിരന്നീടി ലല്പമാസ്വല്പതുംസാധിച്ചീടും * മോ
ദിച്ചുവല്പതുംനൽകുമെന്നോർത്തിട്ടു ചോദിച്ചീലല്ലോ
ഞാൻനാരായണ* അച്ഛൻതാൻവല്ലതുംകൊണ്ടുവരു
മെന്നി ട്ടിച്ഛിച്ചിരിസ്സുന്നുബാലന്മാരും * സത്വരംവന്നു
കുടുംബിനിചോദിച്ചാ ലുത്തരംചൊൽവുഞാനെന്തു
പിന്നെ * എന്നുനിനച്ചുനടന്നങ്ങടുക്കുമ്പോൾ നന്നാ
യിക്കാണായിമന്ദിരവും * മാടങ്ങൾമാളികഗോപുരമെ
ന്നിവ ഓടീട്ടുചത്തനമെത്രചിത്രം * നാടകശാലനട
പ്പന്തലുംപിന്നെ കേടകന്നുള്ളചാടിപ്പുരയും * ആനസ്സു
പന്തികുതിരസ്സുചാവടി സ്ഥാനത്തുനല്ലകളിപ്പുരയും *
ആരുടെമന്ദിരമെന്നുടനുള്ളതുനേരറിവാനൊരുപായമി

ല്ലു* വിത്തേശൻവാഴമളകാപുരിതാനോ ചിത്തേനിരൂ
പിച്ചാൽതോന്നുന്നീലാ* വൃക്ഷഫലങ്ങളുമെന്നിവയൊ
ക്കെയും ശിക്ഷയിൽനമ്രങ്ങളായിക്കണ്ടു * ആഴിമാതാ
വുവിളയാടീടുന്നൊരു ഊഴിയിതെന്നതുസംശയിച്ചു *
മന്ദംകുചേലനന്നടന്നങ്ങടുക്കുമ്പോൾ നന്ദനന്മാരെയും
കാണായ്വന്നു * അന്തണൻവീട്ടിലങ്ങല്പമായല്ലല്ലോ
ബന്ധുനരന്മാരുംബാലന്മാരും* ഇത്തരംകണ്ടിട്ടുചിന്തി
ച്ചുനില്ക്കുമ്പോൾ ചിത്തകതുകേനകണ്ടിതല്ലോ * നാ
രീമണിയാമവളെയുമന്നു മാരിവളെന്നതുംസംശയി
ച്ചു * ഉർവ്വശീമേനകാരംഭാതിലോത്തമാ സ്വർവ്വേശ്യമാ
രിലങ്ങാരാനോതാൻ * എന്നുനിനച്ചങ്ങുനില്ക്കുമ്പോ
ൾ സുന്ദരിചെന്നുകുചേലന്റെകാൽകഴുകി*എങ്കിലോ
ചോദിക്കവേണമെന്നോർത്തിട്ടു ശങ്കിച്ചുചോദിച്ചുഭാര്യ
യോടു * ഇപ്പുരവുംനീയുംപുത്രന്മാരെല്ലാരും ഇപ്പാരി
ലാവതിന്നെന്തേചൊൽവൂ * എന്നതുകേട്ടുപറഞ്ഞി
തുഭാര്യയു മന്നാൾഭവാനങ്ങുപോയശേഷം * സുന്ദരരൂ
പിണിയായോരുകന്യകാ വന്നിവിടെക്കളിചെയ്തുപോ
യി*അപ്പൊഴുതേകണ്ടിതിപ്രകാരമഹോ ചിൽപ്പുരുഷൻ
കൃപയെന്നേവേണ്ടു * അന്നുതുടങ്ങികുചേലനുംഭാര്യ
യും നന്ദനന്മാരുംസുഖിച്ചുവാണാർ * ഇക്കഥാനിത്യ
വുംപാടുന്നവർകൾക്കു മുൾക്കനിവോടതുകേൾക്കു
ന്നോർക്കും * ദാരിദ്ര്യസങ്കടംതീർന്നുസുഖത്തോടെ പാരി
ൽവസിച്ചീടാമെന്നുനൂനം * എന്നുപറഞ്ഞുകിളിയുംപ
റന്നുപോയ് മുന്നമേവാണൊരുദേശംനോക്കി *

കുചേലവൃത്തം സമാപ്തം.

# മൂഷികമാൎജ്ജാരയുദ്ധം

## കിളിപ്പാട്ട്

---

ഹരിഃ ശ്രീ ഗണപതയേ നമഃ
അവിഘ്നമസ്തു.

---

കിളികിടാവേയെന്നരികിൽവന്നിരി തെളിതേനും പാലുംതരുവനാവോളം ചെറുകദളിനൽപഴവുംവെല്ലവും ഉടച്ചതെല്ലവേനറുനെയ്യുംപക ന്നിളക്കിപ്പാകത്തിൽചമച്ചപായസം മതിവരുവോളംഭുജിച്ചുകൊണ്ടാലും മതിതെളിഞ്ഞുവന്നിരുന്നുചൊല്ലുക എലിയും പൂച്ചയുംപൊരുതപോരുകൾ പറകശാരികാകുലതിലകമേ—ഇതുകേട്ടുകിളിമകളുംസന്തോഷിച്ചതികുതുകേന പറഞ്ഞുതെല്ലവേ എലിയുംപൂച്ചയുംപൊരുതപോരുകൾ പറവാനെത്രയുംപണിയനന്തരം അലസാതെനിങ്ങളിരുന്നുകേൾക്കിലോ അറിഞ്ഞതെല്ലാംപറഞ്ഞിടാമിപ്പോൾ എലിക്കുലത്തിലെയ്യജമാനനായ പെരുച്ചാഴിപരന്റെഉത്തമകനായോ ഒലിക്കിടാവിനെപ്പിടിച്ചുതിന്നുപോം ഝരിമ്പ്രനാട്ടിലുടയമന്നന്റെ മണിഗൃഹത്തിങ്കൽവളൎന്നമാൎജ്ജാരൻ പതിനൊന്നുവിര്

ൽമികവാനാകിയ കരിമ്പൻപൃഷ്ടയുംപരിഷയുംകൂടെ
അതുകേട്ടനേരമന്നടിച്ചനാട്ടിലു ള്ളെലിക്കൂട്ടമെല്ലാമൊ
രുത്തിയിൽകൂടി കറുത്തകാട്ടെലിഉരത്തചുണ്ടെലി തടി
ച്ചനച്ചെലിജയിച്ചകൂരെലി മടയിൽമണ്ടെലിമുഖംവെ
ളുത്തെലി വെളുത്തപുല്ലെലിമടയിൽകൂരെലി പുരതക
ൎന്നവികൃതിച്ചെമ്പനും ഹരഹരയെന്നേപറയാവുക
ണ്ടാൽ അറുതികൂടാത്തുള്ളെലിക്കൂട്ടമെല്ലാം ഒരുത്തിയിൽ
കൂടിനിഴലിലന്നേരം നടിച്ചനച്ചെലിവെളിച്ചപ്പാടണ്ടാ
ണ്ണുകെട്ടേലോകരേ അവസ്ഥകേൾക്കേണം ശിരസ്സുപ
ത്തുമഞ്ചിരുപതുകയ്യും ധരിച്ചരാജനായിരിക്കുന്നൊരവൻ
മനുഷ്യരാജന്റെകളത്രത്തെക്കട്ടു സമുദ്രവുംകടന്നുടനെ
ലങ്കയിൽ ഇരുന്നവൻപടയുറച്ചതങ്ങളിൽപൊരുതന്നേ
രത്തുമുറിഞ്ഞുരാക്ഷസർ മരിച്ചിതക്കാലംമനുഷ്യർക്കുമ്മാ
ലെ അതുപോലെജയംനമുക്കറിഞ്ഞാലും ഒരുഭാഗംജ
യംവരുമെന്നോൎക്കേണം വലത്തുപമ്പന്മാരുറച്ചുനില്ക്കേ
ണം പെരുത്തധൂളികളകലെനില്ക്കേണം മുടക്കാലനെലി
പടസ്സുപോരേണ്ട പിടച്ചതിണ്ണിട്ടുമരിച്ചുപോകുള്ളു
ഇവയെല്ലാമഞ്ചുപറഞ്ഞനച്ചെലി വെളിച്ചപ്പാടുമങ്ങട
ങ്ങിതെല്ലുവേ അറിഞ്ഞുപൃഷ്ടകളുടത്തുകൂട്ടുന്നു കറുത്തക
ണ്ടപ്പൻകരിമ്പൻപാണ്ടനും കലത്തൊടാർച്ചെപ്പുക്കിക
റിഞ്ഞിരിന്നിലയും നരകടിയനുംപാതകടിയനും ചെവി
മുറിയനുംമുറിഞ്ഞവാലനും ഉറീമ്മൽചാട്ടനാവിരുതൻ
കണ്ടപ്പൻ പതിഞ്ഞുചാട്ടുന്നപരുത്തകണ്ടനും ചീറി
മുറിയനുംവരിയൻപൃഷ്ടയും പലരോടുംകൂടിപ്പരുന്നമാ
ർജ്ജാരർ അതുകേട്ടനേരമാണന്നുമോറ്റും നമുക്കാംപൊ

ഞ്ഞല്ലേയുറച്ചുനില്ക്കുന്നം പറഞ്ഞിരുവരുമൊരുമിച്ചുചെ
ന്നു മണിഗൃഹത്തിന്റെസവിധേനിന്നിതു അതിചതു
രതകലന്റവൃത്താന്തം വിരവോടുകേട്ടുചതുരന്തുംകാകനും
മതിമോദത്തോടുപറന്നിരുവരും തെളിഞ്ഞുവൃക്ഷാഗ്രെ
മരുവിനാരവർ അവരെക്കൊന്നാലുമിവരെക്കൊന്നാ
ലും പറന്നുകൊത്തിട്ടുശവങ്ങൾഭക്ഷിക്കാം ഇതിവചന
ങ്ങൾപറഞ്ഞിരിക്കുമ്പോൾ എലിക്കൂട്ടങ്ങളെല്ലാമൊരുമിക്കി
നാർപടപടകളെയെല്ലാരുമറപ്പാടേറി തുടങ്ങേണംപട
മടിക്കരുതേതും ഇവയെല്ലാംപറഞ്ഞവരവർതമ്മിൽ
പെരുത്തവിക്രമംതുടങ്ങിതോരോരോന്നെ വിതച്ചവിത്തെ
ല്ലാമമ്മണിപെറുക്കയും കുലച്ചതെങ്ങിന്റെകുലതകൾക്ക
യും മറകൾപെട്ടികൾവിചിത്രമെത്രയും ചെരുപ്പുതൊ
പ്പികൾപുതപ്പുകുപ്പായം അടിപ്പമെത്തയുംവിരിപ്പുമേ
ല്ക്കട്ടി ഇവയെല്ലാംവെട്ടിപ്പൊളിച്ചുധൂളിച്ചു കളിച്ചാര
കരിച്ചവർനടക്കയും അറിഞ്ഞുവൃച്ചുകളുറപ്പാരേറി ക
ടിച്ചതൊക്കെയുംകടഞ്ഞുകൊല്ലുകയും കറുകറത്തലകടി
ച്ചുടക്കുകയും കുട്ടകുടെച്ചെരകടിച്ചിറക്കയും വിറക്കുന്നുമീ
ശത്തുറിക്കുന്നുകണ്ണും ചതിച്ചതാമെടോനശിച്ചുപോകട്ടെ
ഞൊളിച്ചുപോവാനുംകഴിവുകണ്ടീല പയററിടന്തിൽ
ചെന്നൊളിക്കുന്നോരെലി അവിടെയുംചെന്നുപിടിക്കു
ന്നുവൃച്ച പിടിക്കുമ്പോളങ്ങുപിടക്കുന്നോരെലി പിട
ക്കുമ്പോൾകടിമുറുക്കുന്നുവൃച്ച പുരപ്പുതിയിൽചെന്നൊ
ളിക്കുന്നോരെലിഅവിടെയുംചെന്നുപിടിക്കുന്നുവൃച്ചക
ളക്കൾതന്നുടെകൂട്ടക്ക സന്ധിയിൽഇരിപത്തൊന്നൊലി
കടന്നൊളിക്കുന്നു പണിക്കർതന്നുടെപെരുത്തസന്ധിയി.

ൽ ഉടനെപത്തെലികടന്നുകൂടിനാർ അതുപോലെതന്നൊ പലസ്ഥലത്തിലും കടന്നുകൂടികൊണ്ടിരുന്നു മെല്ലവെ ഇവയെല്ലാമങ്ങുപറഞ്ഞുകേൾപ്പിച്ചു കിളിക്കിടാവിതാപറന്നുപോകുന്നു.

മൂഷികമാർജ്ജാരയുദ്ധം സമാപ്തം.

—∞※∞—

Indic Digital Archive Foundation
gpura.org

03[illegible]:169
E2

USIKA MERJARAYUDHAMUM
KUCHELAVRITAM.